# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ളുവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.24/1756/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.24/1756/2021 തീയ്യതി: 02/12/2021

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി.പി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ടി.പി. അബ്ദുൽ ജലീൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സലീം .ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. അസീന. എ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അമീൻ ഫൈസൽ . ടി.ടി., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷജീർ.കെ, , സീനി.ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. തെറ്റത്ത് ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി കെ. സുബൈദ ടീച്ചർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാനിർ. കെ | സെക്രട്ടറി | 01-04-2020 | 24-12-2020 |
| ശ്രീ. അരുൺ .ഇ.കെ. | സെക്രട്ടറി | 25-12-2020 | 17-01-2021 |
| ശ്രീ. ഷാനിർ. കെ | സെക്രട്ടറി | 18-01-2021 | 15-02-2021 |
| ശ്രീ. രാധാകൃഷ്ണൻ നായർ സി.കെ. | സെക്രട്ടറി | 16-02-2021 | 31-03-2021 |
| ശ്രീമതി ബിബിത കെ.ഒ. | കൃഷി ഓഫീസർ | 01-04-2020 | 12-05-2020 |
| ശ്രീ.ഷഫീഖ് എം | കൃഷി ഓഫീസർ | 13-05-2020 | 10-03-2021 |
| ശ്രീമതി ഷഹബാസ് ബീഗം | കൃഷി ഓഫീസർ | 11-03-2021 | 31-03-2021 |
| ശ്രീ. ഷിജുകുമാർ എസ്.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീമതി ആര്യ ആർ | അസി.എഞ്ചിനീയർ | 26-06-2020 | 31-03-2021 |
| ഡോ.സിന്ദുൽ എൻ.എൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. അബ്ദുൽ അസീസ് എം. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. അജയകുമാർ. പി.എൻ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ശുഭ കെ.പി. | വി.ഇ.ഒ | 01-04-2020 | 05-07-2020 |
| ശ്രീമതി സ്വപ്ന | വി.ഇ.ഒ | 06-07-2020 | 31-03-2021 |
| ശ്രീമതി സലീന ജോസഫ് | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി റാബിയ കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 22-06-2020 |
| ശ്രീമതി ഷൈലജ.കെ. | ഹെഡ് മാസ്റ്റർ | 22-06-2020 | 31-03-2021 |
| ശ്രീമതി ദിവ്യ ജി.എൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി സാജിത ടി.വി | ഡയറി | 01-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എക്സ്റ്റെൻഷൻ ഓഫീസർ | | |

സ

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 01-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-10-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 26-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 01-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 26-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 26-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-10-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 31-10-2021) | 1-11 |
| 12 | പട്ടികജാതി വികസന ഫണ്ട് _ 708221/- രൂപ വകമാറ്റി ചെലവഴിച്ചു.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-12 |
| 13 | ജി.എസ്.ടി- TDS ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-13 |
| 14 | അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി ആശാവഹമല്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 1-14 |
| 15 | ലൈബ്രറികളിലെ പത്രവിതരണച്ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് നിയമപരമല്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-15 |
| 16 | തുല്യത പരീക്ഷ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-16 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-17 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 31-10-2021) | 1-18 |

| | | |
|---|---|---|
| 19 | വാടക ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 31-10-2021) | 1-19 |
| 20 | തൊഴിലുറപ്പ് പദ്ധതി ഓഫീസ് ഡിഇഒക്ക് നൽകിയ വേതനം അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിച്ചില്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-20 |
| 21 | അക്കരക്കുളം സ്കൂൾ നവീകരണം എന്ന പ്രവൃത്തിയിലെ അപാകതകൾ<br>Written By: T.P.Abdul Jaleel (Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-21 |
| 22 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളിലെ അധിക ചെലവ്-118359 രൂപ തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 1-23 |
| 24 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 30-10-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 09-11-2021) | 1-24 |
| 25 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 09-11-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 26-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 26-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 26-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: Shajeer.K (Senior Grade Auditor, On 09-11-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shajeer.K (Senior Grade Auditor, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 4-11 |


**അനുബന്ധം**


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-2021 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 9(1) / 26-03-2020 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 7.07.2021 | - | - |
| സർട്ടിഫിക്കറ്റ് അനുവദിച്ചതിന്റെ വിവരം | | കെ.എസ്.എ.എം.പി.എം | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16153927 |
| വരവ് | 83823464 |
| ആകെ | 99977391 |
| ചെലവ് | 82189034 |
| നീക്കിയിരിപ്പ് | 17788357 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13586357 | 13586357 | 13561357 | 25000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10101112 | 10101112 | 10039109 | 62003 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 219000 | 219000 | 208789 | 10211 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4535675 | 4535675 | 4535675 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8712000 | 8712000 | 8712000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11759178 | 11759178 | 10279130 | 1480048 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6280000 | 6280000 | 3308503 | 2971497 |
| ബി ഫണ്ട് | 0 | 55537600 | 55537600 | 55537600 | 55537600 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

**2020-21**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 231 | 96449638 | 195 | 69673611 | 17 | 19 | 84.4 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 353773 | 808195 | 1161968 | 1161968 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25114583 | 25114583 | 25114583 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

**തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 3838100 | 263 |
| വിധവാപെൻഷൻ | 22304300 | 1402 |
| വാർദ്ധക്യകാലപെൻഷൻ | 22121800 | 1640 |
| വികലാംഗപെൻഷൻ | 5697300 | 395 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സഹായം | 1336100 | 94 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24353/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഒന്നിലധികം സബ് വൗച്ചറുകൾ ഉള്ള വൗച്ചറുകളിൽ സബ് വൗച്ചറുകൾക്ക് ക്രമനമ്പർ നൽകി സബ് വൗച്ചറുകളുടെ ചെലവ് സംഗ്രഹം വൗച്ചർ അനുബന്ധമായി നൽകേണ്ടതാണ്.
2. എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 28/09/2021 | 05/2021 To 07/2021 | 01/10/2021 |
| എ.ജി ഓഡിറ്റ് | 30/03/2006 | 1997-98 To 2006-2007 | 20/06/2007 |

## 1-11 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. SSA-യിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകൾ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.
2. എം.എൻ ലക്ഷ്യവീട് പദ്ധതിയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക [1259732] ബാധ്യതയായി ബുക്ക് ചെയ്തിട്ടില്ല.
3. സംയുക്ത പ്രൊജക്ട് ഇനത്തിൽ (ബ്ലോക്ക് പഞ്ചായത്ത്) ചെലവഴിച്ച തുക (775/-) ബാധ്യതയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.
4. സംയുക്ത പ്രൊജക്ട് ഇനത്തിൽ (ജില്ലാ പഞ്ചായത്ത്) ചെലവഴിച്ച തുക (125975/-) ബാധ്യതയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

5. Recoveries Payable -COVID എന്ന ഇനത്തിൽ ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത് അടവാക്കിയതുക (480872/-) ബാധ്യതയിൽ നിന്നും നീക്കം ചെയ്തിട്ടില്ല.

6. MGNREGA-യുടെ ചെലവ് ഹെഡില് (I&E- 53551/- രൂപ ഹെഡ് മാറി ബുക്ക് ചെയ്തിട്ടുണ്ട്.

[ഓഡിറ്റ് എൻക്വയറി 11/2020-21]

## 1-12 പട്ടികജാതി വികസന ഫണ്ട് _ 708221/- രൂപ വകമാറ്റി ചെലവഴിച്ചു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(എം.എസ്.)നം.22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018] എസ്. സി. പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരി ക്കേണ്ടതാണ്. കൂടാതെ അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിക്ക് വേണ്ടി വികസന ഫണ്ട് [ജനറൽ, SCP] വിഹിതം വകയിരുത്തുന്നത് കുട്ടികളുടെ എണ്ണത്തിന്/ ജനസഖ്യക്ക് ആനുപാതിക മായിരിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജനറൽ/ പട്ടികജാതി കുട്ടികളുടെ എണ്ണം/ ജനസഖ്യ പരിഗണിക്കാതെ അങ്കണവാടി അനുപൂരക പോഷകാഹാരം പ്രൊജക്റ്റിന് വേണ്ടി പട്ടികജാതി വികസന ഫണ്ടിൽ നിന്നും 708221/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾ പ്രകാരം ജനസംഖ്യ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജനസംഖ്യ.

| ജനറൽ | എസ്.സി | ആകെ | എസ്.സി % |
|---|---|---|---|
| 24506 | 6000 | 30506 | 20% |

പഞ്ചായത്തിലെ രേഖകൾ/ ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ എന്നിവ പ്രകാരം പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 20 % മാണ്. എന്നാൽ അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിക്ക് വേണ്ടി പട്ടികജാതി വികസന ഫണ്ട് 45% ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് (വികസന ഫണ്ട് ജനറൽ+ SCP) | | | പരമാവധി ചെലവഴിക്കാവുന്ന SCP വിഹിതം | അധികം ചെലവഴിച്ച SCP വിഹിതം |
|---|---|---|---|---|---|
| | ജനറൽ | SCP | ആകെ | | |
| അങ്കണവാടി അനുപൂരക പോഷകാഹാരം | 1515000 | 1264026 | 2779026 | 555805 | 708221 |

പട്ടികജാതി വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായും, പട്ടികജാതി വികസന ഫണ്ടിൽ നിന്നും 708221/- രൂപ വകമാറ്റി ചെലവഴിച്ചതായും ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 10/2020-21]

## 1-13 ജി.എസ്.ടി- TDS ഈടാക്കേണ്ടതാണ്.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്റ്റ് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറല് 155/21) | 1145436 | പവിഴം ന്യൂട്രീമിക്സ്,ഉവ്വൂർ |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 163/21) | 745621 | പവിഴം ന്യൂട്രീമിക്സ്,ഉവ്വൂർ |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 09/2020-21]

## 1-14 അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി ആശാവഹമല്ല

2018-19 മുതൽ 2020-21 കൂടിയ വർഷങ്ങളിലായി നടപ്പിലാക്കേണ്ട ഉവ്വൂർ ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പ്രൊജക്റ്റിന് കുടുമ്പശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്ററുടെ 10.3.2019 ലെ KS/L/7292/18 ഉത്തരവ് പ്രകാരമാണ് അനുമതി ലഭ്യമായത്.

ചലഞ്ച് ഫണ്ട് 3036420 രൂപയും വികസനഫണ്ട് 4056400 രൂപയും ഇതരഫണ്ടുകൾ (സ്പോൺസർഷിപ്പ് ) 499872 രൂപയുമടക്കം ആകെ 7592692 രൂപയാണ് അടങ്കൽ. ചലഞ്ച് ഫണ്ടിന്റെ ഒന്നാംഗഡു 1012140 രൂപയിൽ ആശ്രയ പദ്ധതിയിൽ അവശേഷിക്കുന്ന 899501 രൂപ കഴിച്ച് 112639 രുപ ഈ അനുമതി ഉത്തരവിനോടൊപ്പംതന്നെ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകുന്നുണ്ട്. 2018-19 മുതൽ 2020-21 ഉൾപ്പെടെ ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിനു ലഭ്യമായ തുകയുടെയും ആയതിന്റെ വിനിയോഗത്തിന്റെയും സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ലഭ്യമായ ഫണ്ട്. | |
|---|---|
| ആശ്രയയിലെ ബാലൻസ് തുക (12.07.2019) | 1700946 |
| സ്പോൺസർഷിപ്പ്. 2019-20 | 50000 |
| ചലഞ്ച് ഫണ്ട് (2020-21 ൽ ലഭിച്ചത് ) | 1124779 |
| ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ | 49870 |
| ആകെ | 2925595 |

| പ്രൊജക്റ്റിൽ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
| ഭക്ഷണം | 2018-19 | 916140 | 0 |
| | 2019-20 | 916140 | 295748 |
| | 2020-21 | 916140 | 878924 |
| ചികിത്സ | 2018-19 | 24000 | 00 |
| | 2019-20 | 24000 | 00 |
| | 2020-21 | 24000 | 00 |
| വിദ്യാഭ്യാസം | 2018-19 | 72000 | 00 |
| | 2019-20 | 72000 | 55220 |
| | 2020-21 | 72000 | |
| വീട് റിപ്പയർ | 2018-19 | 300000 | 0 |
| | 2019-20 | 300000 | 300000 |
| | 2020-21 | 0 | |
| വസ്ത്രം | 2018-19 | 166561 | |
| | 2019-20 | 166561 | |
| | 2020-21 | 166750 | |
| വീട് | 2020-21 | 3200000 | |
| കക്കൂസ് | 2018-19 | 256400 | |
| മറ്റുള്ളവ (മരണാനന്തര ചടങ്ങ് ) | 2018-19, 2019-20 | | 15000 |
| ആകെ | | 7592692 | 1544892 |

പ്രൊജക്റ്റിന്റെ നിർവ്വഹണം വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്താവുന്നതാണ്.

1. ആകെ വകയിരുത്തിയ 75.92 ലക്ഷം രൂപയിൽ 1544892 രൂപ (20%) മാത്രമാണ് പ്രൊജക്റ്റ് കാലയളവിൽ ചെലവഴിച്ചത്.

2. അഗതിരഹിത കേരളം അക്കൗണ്ടിൽ ഈ കാലയളവിൽ ആകെ ലഭ്യമായ 2925595 രൂപയുടെ 52.8 % മാത്രമാണ് ചെലവഴിച്ചത്.

3. അക്കൗണ്ടിൽ 31.03.2021 ൽ 1380691 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

4. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ മൂന്നാം ഗഡു 1012140 രൂപ ഗ്രാമപഞ്ചായത്തിനു ലഭ്യമായില്ല.

6. വീട്, കക്കൂസ്, വസ്ത്രം, ചികിത്സ എന്നീ ക്ലേശഘടകങ്ങളുള്ള അഗതികൾ ഉണ്ടായിട്ടും ആയവ പരിഹരിക്കുന്നതിനു ഫണ്ട് വിനിയോഗിച്ചില്ല.

പദ്ധതിയുടെ പുരോഗതി ആശാവഹമല്ല. ആയതിനു പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയമറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചു.

1. 2018-19 മാർച്ച് മാസത്തിൽ മാത്രമാണ് പ്രൊജക്റ്റിനു അംഗീകാരം ലഭിച്ചത് എന്നതിനാൽ 2018-19 ൽ തുകയൊന്നും ചെലവഴിക്കാൻ ആയില്ല.

2. വീട് നിർമ്മാണത്തിന് അർഹരായ 8ൽ 3 പേർ വിവിധ കാരണങ്ങളാൽ അനർഹരായി. ഒരാൾ കരാർ വെച്ചു.

3. കക്കൂസ് നിർമ്മാണം പ്രവൃത്തി ലിസ്റ്റിൽ ഉൾപ്പെട്ട 17 ൽ 3 പേർ മരിച്ചു. 2 പേർ മറ്റ ഭവന നിർമ്മാണ ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഈ മറുപടിയിൽ നിന്ന വ്യക്തമാകുന്നത് ശരിക്കും അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകിയിട്ടില്ല എന്നാണ്.

പ്രൊജക്റ്റ് ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം ചെലവഴിക്കേണ്ടതാണ്.

## 1-15 ലൈബ്രറികളിലെ പത്രവിതരണച്ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് നിയമപരമല്ല.

ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിലെ പത്രവിതരണച്ചെലവ് വഹിക്കുന്നതിന്റെ കൂടെ സ്വന്തം ഉടമസ്ഥതയിൽ വരാത്ത വായനശാലകളിലെ പത്രവിതരണച്ചെലവും ഗ്രാമപഞ്ചായത്ത് വഹിക്കുന്നതായി കാണുന്നു. വിശദ വിവരം താഴെ ചെർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി/തുക | പത്രം നൽകിയ സ്ഥാപനം | ചെലവഴിച്ച തുക. |
|---|---|---|
| 22000164/24.6.20 - 1200 | സംഗമം വായനശാല | 1200 |
| 22000204/10.07.20 - 2300 | മംഗളോദയം ലൈബ്രറി | 1150 |
| | ഗ്രാമപഞ്ചായത്ത് ഓഫീസ് | 1150 |
| 22000472/09.11.20 - 960 | മംഗളോദയം ലൈബ്രറി | 960 |
| 22000473/09.11.20 - 1840 | ഗ്രാമപഞ്ചായത്ത് ഓഫീസ് | 920 |
| | മംഗളോദയം ലൈബ്രറി | 920 |
| 22000956/9.3.21 - 920 | മംഗളോദയം ലൈബ്രറി | 920 |

ഗ്രാമപഞ്ചായത്ത് കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തിയാണ് പത്രവിതരണത്തിന ചെലവഴിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ ലൈബ്രറികൾ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമോ ഗ്രാമപഞ്ചായത്തിന കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമോ ആണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്, പ്രൊജക്റ്റ് തയ്യാറാക്കാതെ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി ഈ ചെലവുകൾ വഹിക്കുന്നതിന്ന ഗ്രാമപഞ്ചായത്തിന അധികാരം നൽകുന്ന നിയമവ്യവസ്ഥ ഏതാണെന്ന അറിയിക്കേണ്ടതാണ് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 4/26.10.21) ക്കുള്ള മറുപടിയിൽ ചെലവിന്ന സാധുത നൽകുന്ന നിയമവ്യവസ്ഥ ഏതെന്ന് വ്യക്തമാക്കിയിട്ടില്ല. ഇത്തരം ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-16 തുല്യത പരീക്ഷ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 259/20-21 |
| പ്രോജക്ടിന്റെ പേര് | തുല്യത പരീക്ഷ |
| അടങ്കൽ | 108750 (50000-തനത് ഫണ്ട്, 58750ഗുണഭോക്തൃവിഹിതം) |
| ചെലവ് | 50350 (23000+27350) |
| ചെക്ക് നം. തുക | 31281/29.03.21, 50350 |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |

തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന തുല്യതാ കോഴ്സുകൾക്കായി താഴെ പറയും പ്രകാരം ഡയറക്ടർ, കേരള സാക്ഷരത മിഷൻ,തിരുവനന്തപുരത്തിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | കോഴ്സിന്റെ പേര് | അധ്യയന വർഷം | പഠിതാക്കളുടെ എണ്ണം | രജിസ്ട്രേഷൻ ഫീസ്/ അഡ്മിഷൻ ഫീസ്/ കോഴ്സ് ഫീസ് | അടവാക്കിയ തുക | തുക ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|---|---|
| 1 | 10ാം തരം തുല്യത | 2020-21 | 11 | 11*1000=11000 (പഞ്ചായത്ത് വിഹിതം)<br>11*850=9350 (ഗുണഭോക്തൃ വിഹിതം) | 20350 | 29.03.21 |
| 2 | +1 തുല്യത | 2020-21 | 12 | 12*1500=18000 (പഞ്ചായത്ത് വിഹിതം)<br>12*1000=12000 (ഗുണഭോക്തൃ വിഹിതം) | 30000 | 29.03.21 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. സാക്ഷരതാ പ്രേരക് നൽകിയ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.

2. ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പട്ടികയിൽ കാണിച്ച പ്രകാരം ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം പഠിതാക്കളിൽ നിന്നാണ് വിഹിതം പിരിച്ചതെന്ന് വ്യക്തമല്ല. രസീത് ബുക്ക് വെച്ച് ഗുണഭോക്തൃ വിഹിതം പിരിക്കുകയോ, ഗുണഭോക്താക്കൾക്ക് രസീത് നൽകുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്,വാള്യം I ആർട്ടിക്ക്ൾ 7(1) അനുസരിച്ച് സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീത് നൽകേണ്ടതാണ്.

4. പഠിതാക്കൾ ക്ലാസ് അറ്റന്റ് ചെയ്തതിന്റെയും പരീക്ഷയിൽ പങ്കെടുത്തതിന്റെയും വിശദാംശങ്ങൾ എന്നിവ സൂക്ഷിക്കുകയോ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. അടുത്ത വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/23.10.21) മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | സിഗ്മ ഇൻസ്റ്റിറ്റ്യൂട്ട് | 2020-21 ഒന്ന് |
| 2. | ഉവ്വൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം | 2020-21രണ്ടാം |
| 3. | ഗ്രേസ് ക്ലിനിക്ക്, ഉവ്വൂർ | 2020-21 രണ്ട് |
| 4. | അൽസലാമ ക്ലിനിക്ക്, ഉവ്വൂർ | 2020-21 രണ്ട് |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/30.10.**2021** )മറുപടി നൽകിയിട്ടില്ല.

## 1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി അടവാക്കിയ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2020-21 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | അസി.എഞ്ചിനീയറുടെ കാര്യാലയം, ഉവ്വൂർ ഗ്രാമ.പ. | 2019-20 രണ്ട് |
| 2. | സിഗ്മ ഇൻസ്റ്റിറ്റ്യൂട്ട് | 2019-20 ഒന്ന് |
| 3. | സതേൺ റെയിൽവെ , ഉവ്വൂർ | 2019-20 ഒന്ന് |
| 4. | ഗ്രേസ് ക്ലിനിക്ക്, ഉവ്വൂർ | 2019-20 രണ്ട് |
| 5. | അൽസലാമ ക്ലിനിക്ക്, ഉവ്വൂർ | 2019-20 രണ്ട് |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30.10.**2021** )മറുപടി നൽകിയിട്ടില്ല.

## 1-19 വാടക ഈടാക്കിയിട്ടില്ല.

വാടക രജിസ്റ്റർ പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക 2020-21 വർഷത്തിൽ രണ്ട് മാസം ഈടാക്കിയിട്ടില്ല. വാടക രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തതിൽ അപാകതയുള്ളതിനാൽ ഏതൊക്കെ മാസങ്ങളിലെ വാടകയാണ് ഈടാക്കാനുള്ളതെന്ന് വ്യക്തമല്ല. ഇതിനു ശേഷമുള്ള വർഷത്തെ വാടക ഈടാക്കി വരുന്നുണ്ടെങ്കിലും ഈ രണ്ട് മാസത്തെ വാടക ഇത് വരെ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| പേര് | മാസ വാടക | കുടിശ്ശിക യുള്ള മാസങ്ങൾ | ആകെ |
|---|---|---|---|
| വനിതാ വ്യവസായ കേന്ദ്രം, ന്യൂട്രിമിക്സ് യൂണിറ്റ് | 1160 | 2 | 2320 |

വാടക ഈടാക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/30.10.**2021** )മറുപടി നൽകിയിട്ടില്ല.

## 1-20 തൊഴിലുറപ്പ് പദ്ധതി ഓഫീസ് ഡിഇഒക്ക് നൽകിയ വേതനം അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിച്ചില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസ് ജീവനക്കാർക്ക് അഡ്മിൻ ഫണ്ട് ലഭ്യമല്ലെങ്കിൽ തനത് ഫണ്ടിൽനിന്ന് മുൻകൂർ ആയി ഓണറേറിയം നൽകുകയും അഡ്മിൻ ഫണ്ട് ലഭ്യമാകുന്ന മുറക്ക് ആയത് ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഡിഇഒ ശ്രീ. ജിഷ്ണുവിനു ഡെയ്‌ലി വേജസ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി തനത് ഫണ്ടിൽനിന്ന് ദിവസവേതം നൽകിയിട്ടുണ്ട്. മറ്റു ജീവനക്കാർക്ക് ഓണറേറിയം മുൻകൂർ ആയി നൽകുകയും അത് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ശ്രീ ജിഷ്ണുവിനു നൽകിയ വേതനം അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിച്ചില്ല. ഇപ്രകാരം 2020-21 ൽ 169460 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട് . ആയത് തൊഴിലുറപ്പ് പദ്ധതി അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/26.10.21ക്ക മറുപടി ലഭ്യമായിട്ടില്ല.

## 1-21 അക്കരക്കുളം സ്കൂൾ നവീകരണം എന്ന പ്രവൃത്തിയിലെ അപാകതകൾ

**പ്രവൃത്തി: അക്കരക്കുളം സ്കൂൾ നവീകരണം 24/21**

അടങ്കൽ: 1000000 രൂപ (MGNR)

കരാറുകാരൻ: ശ്രീ മുഹമ്മത് സനൂപ് വി പി

കരാർ: AE/LSGD/TVR/72/19-20/28-10-19

അളവ് പുസ്തകം: 72/19-20

ചെലവ്: 867835രൂപ

ബിൽ നംപർ 75/20-21/24-12-20: 506260 രൂപ

ബിൽ നംപർ 83/20-21/12-1-21: 361575 രൂപ

നൽകിയ തുക:

മൂല്യനിർണ്ണയം 774852.34 രൂപ

(+) GST Provision 12% 92982.28

ആകെ 867835 (Rounded)

(-) IT 1 % 7749

(-) WF 1% 7749

(-) CGST 1% 7749

(-) SGST 1% 7749

കരാറുകാരന്: 836839 രൂപ

നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലെ ഷീറ്റ് മേഞ്ഞ മേൽക്കൂര ഒഴിവാക്കി കോൺക്രീറ്റ് കെട്ടിടം നിർമിക്കുന്നതിനുള്ളതാണ് മേൽ പദ്ധതി. ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം (2) 350 Kg, Steel Work (Purlin) പൊളിച്ച് മാറ്റുന്നതിനും ഇനം (3) 336 Kg, Steel Work (Truss) പൊളിച്ച് മാറ്റുന്നതിനുമുള്ളതാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ മേൽ രണ്ടിനങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. പ്രവൃത്തി സ്ഥലത്തു നിന്ന് പൊളിച്ചെടുത്ത Steel Work (Purlin, Truss), ഷീറ്റ് എന്നിവ സ്കൂൾ പരിസരത്ത് സ്റ്റാക്ക് ചെയ്തതായി 27-10 2021 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മേൽ പ്രവൃത്തിക്ക് വേണ്ടി സ്കൂൾ PTA പണം ചെലവഴിച്ചിട്ടില്ലെന്ന് സ്കൂൾ HM തദവസരത്തിൽ അറിയിച്ചു. ഇത് സംബന്ധമായി താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഇനം (2), (3) എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഇനം (2), (3) എന്നിവ പ്രകാരമുള്ള പ്രവൃത്തികൾക്ക് ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും തുക നൽകിയിട്ടില്ല.

3) പൊളിച്ചെടുത്ത സാധനങ്ങളുടെ തൂക്കം/അളവെടുത്ത് സ്റ്റോക്കിലെടുക്കുകയോ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ഏല്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 12/28-10-2021 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, പ്രവൃത്തി സ്ഥലത്തു നിന്ന് പൊളിച്ചെടുത്ത് സ്കൂൾ പരിസരത്ത് സ്റ്റാക്ക് ചെയ്തതായി കണ്ടെത്തിയ Steel Work (Purlin, Truss), ഷീറ്റ് എന്നിവ അളവെടുത്ത് തൂക്കം കണക്കാക്കി സെക്രട്ടറിക്ക് കൈമാറേണ്ടതും ആയവ പുനരുപയോഗിക്കുകയോ ലേലം ചെയ്യുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ (1),(2) അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-22 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

**നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ**

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും പൊളിച്ചെടുത്ത സാധനം ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ച മാറ്റിയ സാധനം | ആകെ ചെലവ് |
|---|---|---|---|---|
| 1 | തുവ്വൂർ ഹൈസ്കൂൾപടി ബസ് സ്റ്റോപ്പ് നവീകരണം 79/21<br>കരാറുകാരൻ റഹ്മത്തുള്ള<br>അടങ്കൽ. 200000 രൂപ. (CFCG)<br>അ.പു.115/19-20 | 1 | Steel (Truss): 21.30 Kg<br>(Not Usable For Any Departmental Purpose എന്ന് അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്) | ബിൽ 55/20-21/12-11-20<br>171011 രൂപ |

പ്രവൃത്തി സ്ഥലത്തു നിന്ന് പൊളിച്ചെടുത്ത 21.30 Kg Steel Work ( Truss), പദ്ധതി പരിസരത്ത് സ്റ്റാക്ക് ചെയ്തിട്ടില്ലെന്ന് 27-10 2021 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മേൽ ഇനത്തിന്റെ ലേല വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/28-10-2021 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, പ്രവൃത്തി സ്ഥലത്തു നിന്ന് പൊളിച്ചെടുത്ത 21.30 Kg Steel Work ( Truss), ലേലം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയതിന്റെ തുക കരാറുകാരനിൽ നിന്നോ മേൽ പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളിലെ അധിക ചെലവ്-118359 രൂപ തിരിച്ചടച്ചു.

2019-20 വർഷത്തെ ഓഡിറ്റിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരം **1,18,359** രൂപ അടവാക്കുകയുണ്ടായി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | അപാകത | തിരിച്ചടച്ച തുക | രശീതി നംപർ/ തീയതി |
|---|---|---|---|---|
| 1 | **അക്കരക്കുളംനെല്ലിക്കുന്ന് ചോലക്കൽ റോഡ് 27/21**<br>അടങ്കൽ: 600000 രൂപ ( CFCG)<br>കരാറുകാരൻ: ശ്രീ യൂസഫലി കെ<br>കരാർ: AELSGD/TVR/110/19-20/11-12-19<br>കരാർ തുക: 521769.23 രൂപ<br>അളവ് പുസ്തകം: 110/19-20, 110 A/19-20<br>ചെലവ്: 570184രൂപ<br>( ബിൽ നംപർ 57/20-21/16-11-20: 100000 രൂപ, | GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കണമെന്ന നിബന്ധന പാലിച്ചില്ല.( ഓഡിറ്റ് എൻക്വയറി നംപർ 8/27-10-2021)<br>പൂർത്തീകരിക്കേണ്ട തീയതി-10-06-2020<br>പൂർത്തീകരിച്ച തീയതി 05-02-2021 | 3305രൂപ | 121190101802/30-10-2021 |

| | | | | | | |
|---|---|---|---|---|---|---|
| | | ബിൽ നംപർ 106/20-21/26-2-21: 275000 രൂപ, ബിൽ<br>നംപർ 136/20-21/17-3-21: 195184 രൂപ,)<br>മൂല്യനിർണ്ണയം: 59092.54<br>(+) 12% GST Provision 61091.10<br>Total: 570184.64<br>(-) Part Bill: 385799<br>ബാക്കി: 184385 (Rounded)<br>(-) IT 1% : 1646<br>WF 1%: 1646<br>SGST 1646<br>CGST 1646<br>കരാറുകാരന്: 188600 | | | | |
| | 2 | അടങ്കൽ: 2500000 രൂപ (വികസന ഫണ്ട്,1955600 , തനത് ഫണ്ട്- 544400)<br>കൺവീനർ: ശ്രീമതി രമണി (H M)<br>കരാർ: AE/LSGD/TVR/3/20-21/6-7-20<br>അളവ് പുസ്തകം: 3/20-21, 3A/20-21<br>ചെലവ്: 2408476രൂപ<br>ബിൽ നംപർ 54/20-21/12-11-20: 1032524 രൂപ<br>വൗച്ചർ നംപർ 142/20-21/26-3-21: 544000 രൂപ<br>ബിൽ നംപർ 142/20-21/29-3-21: 449694 രൂപ<br>ബിൽ നംപർ 23/21-22/3-8-21: 382258 രൂപ<br>നൽകിയ തുക:<br>മൂല്യനിർണ്ണയം 2150424.97 രൂപ<br>(+) GST Provision 12% 258050.99<br>ആകെ 2408476 (Rounded)<br>(-) Part Bill 1032524<br>ബാക്കി: 1375952<br>(-) IT 2 % 24098<br>(-) WF 1% 12049<br>(-) CGST 1% 12049<br>(-) SGST 1% 12049<br>കൺവീനർക്ക്: 1315707 രൂപ<br>നൽകാവുന്ന തുക:<br>മൂല്യനിർണ്ണയം 2150424.97 രൂപ | 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിന ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/Lതസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചു | 115054 രൂപ | 121190101898/9-11.21 | |

(-) OH 5% 107521.24

ബാക്കി 2042904 (Rounded)

(+) GST Provision 12% 245148

ആകെ 2288052

(-) IT 2 % 40860

(-) WF 1% 20430

(-) CGST 1% 20430

(-) SGST 1% 20430

കൺവീനർക്ക്: 2185902

ഇത്തരം അപാകതകൾ വരാതെ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തുക കണക്കാക്കി ആയത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, അപാകത ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതുമാണ്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 7/27-10-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ ചെയ്യുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ 2020-21 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ

| ടവർ/കെട്ടിട നമ്പർ | വിലാസം | അസസ് ചെയ്ത വാർഷിക നികുതി +LC+SC |
|---|---|---|
| 5/354 | മാനേജർ, ബി.എസ്.എൻ.എൽ | 1600+80+80 |
| 12/363/A | മാനേജർ, ബി.എസ്.എൻ.എൽ | 9000+450+450 |
| 4/308/A | മാനേജർ, റിലയൻസ് ഇൻഫ്രാ.ലി. | 19600+980+980 |
| 15/378/A | മാനേജർ, റിലയൻസ് ഇൻഫ്രാ.ലി. | 16650+833+833 |

പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/30.10.**2021** )മറുപടി നൽകിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2020-21 | 16.10.2021 മുതൽ 30.10.21 വരെയുള്ള ഓഡിറ്റ് ക്യാമ്പിൽ പരിശോധിച്ചു. | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് , 185/20-21 | 400000 | 0 |
| | 507000 | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഗുണഭോക്താക്കൾക്ക് വീട്, സ്ഥലം ലഭ്യമാക്കൽ,225/20 | 507000 | 0 |
| | 117000 | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഗുണഭോക്താക്കൾക്ക് വീട്, സ്ഥലം ലഭ്യമാക്കൽ,226/20 | 117000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 119000 | പച്ചക്കറികൃഷിക്ക് കൂലി ചെലവ് - സബ്സിഡി 121/2020-21 | 119000 | 0 |
| | 42500 | നെൽകൃഷിക്ക് കൂലി ചെലവ് - സബ്സിഡി 129/2020-21 | 42500 | 0 |
| | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് , 185/20-210 | 300000 | |
| | 400000 | ലൈഫ് ഭവന പദ്ധതി ഭൂരഹിത ഗുണഭോക്താക്കൾക്ക് വീട്, സ്ഥലം ലഭ്യമാക്കൽ,226/20 | 400000 | |

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | മാത്തോത്ത് WSS | 22000132 Dated | 346612 | 346612 | Completed | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ഇലക്ട്രിക്കൽ കണക്ഷൻ നൽകൽ | 8.6.20 | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ വരവ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | **ലൈഫ് ഭവന പദ്ധതി** | | 4800000 | 13925952 | 1507255 | | 17218697 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 9230/- | യൂസഫ് അലി, കോൺട്രാക്ടർ | 119050100336, 11-06-2020. |
| 2018-19 | 3-2 | 21335/- | ദാമോദരൻ, കൺവീനർ | 120050100785, 08-07-2020 |
| 2018-19 | 3-1 | 13160/- | അബ്ദുൾ റസാഖ്, കോൺട്രാക്ടർ | 120050102002, 24-11-2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(1) | 2006-07 | 3-71-4 | ഡെപ്പോസിറ്റ് വർക്ക് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2002-03 | 3(2) | 2006-07 | 3-71-3 | മുൻകൂർ വാങ്ങിയിട്ടും പ്രവർത്തി പൂർത്തിയാക്കിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2011-12, 2012-13 | 3(1) | 2014-15 | 4-1-4 | നിഷ്ക്രിയ ആസ്തികൾ അവലോകനം | നടപടികൾ തുടരുന്നു |
| 2014-15 | 2-1 | 2016-17 | | വസ്തുനികുതി നിർണ്ണയം -നികുതി ചോർച്ച. | നിയമസഭ സമിതിയുടെ പരിഗണനയിൽ - |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | | 2014-15മുഴുവൻ വാണിജ്യ കെട്ടിടങ്ങലിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | 2015-16 മുതൽക്ക് ആയത് ഈടാക്കിവരുന്നതായി മറുപടി നൽകിയിട്ടുണ്ട് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2001-02 | 3-6 | വി.വിജയൻ,സെക്രട്ടറി | LF1453/Spl.Cell/Sc/05/08/19.06.2010 | 10272 | തുക അടവാക്കിയിട്ടില്ല. |
| 2 | 2007-08 | 3-19(1) | ടി.ആർ മോഹൻകുമാർ,സെക്രട്ടറി | LF15993/Spl.Cell/CSC/D1/12Dtd.14.09.2015 | 305246+Int | 305246/- രൂപ അടവാക്കിയിട്ടുണ്ട് |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 99977391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82189034 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**-ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**-ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നുംപുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.എം.പി.എം.24/1348/19/10.10.19 | 02 |
| 2001-02 | കെ.എസ്.എ.എം.പി.എം.24/1348/19/11.10.19 | 03 |
| 2002-03 | കെ.എസ്.എ.എം.പി.എം.24/1348/19/11.10.19 | 03 |
| 2003-04 | എൽ.എഫ്.എം.6-1194/2008/30.10.2010 | 16 |
| 2004-05 | എൽ.എഫ്.എം.6-1195/2008/14.10.2010 | 23 |
| 2005-06 | എൽ.എഫ്.എം.6-776/2010 /02.12.2010 | 16 |
| | | |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.എം.6-777/2010/02.5.2013 | 10 |
| 2007-08 | എൽ.എഫ്.എം.6-778/2010/19.11.2010 | 35 |
| 2008-09 | എൽ.എഫ്.എം.5-744/2012/ 06.6.2012 | 16 |
| 2009-10 | എൽ.എഫ്.എം.5-745/2012/ 07.8.2012 | 16 |
| 2010-11 | എൽ.എഫ്.എം.5-988/2013/ 31.10.2013 | 15 |
| 2011-12& 2012-13 | എൽ.എഫ്.എം.24-465/2015/ 9/04/2015 | 26 |
| 2013-14& 2014-15 | കെ.എസ്.എ.എം.പി.എം 24/1407/16 /14.06.2016 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം24/3056/16 /21.12.2016 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം24/1586/17/14.07.2017 | 6 |
| 2017-18 | കെ.എസ്.എ.എം.പി.എം(24)/1941/2018/ /14.07.2017 | 2 |
| 2018-19 | കെ.എസ്.എ.എം.പി.എം(24)/2586/2019/ /22.01.21 | 16 |
| 2019-20 | കെ.എസ്.എ.എം.പി.എം(24)1755/2021 തീയതി | 12 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

എം.എ.11/2021

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്